# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/235/2016 പത്രക്കുറിപ്പ് 2016 നവംബർ 3

### എം.ജി പി.ജി ഏകജാലകം: ഫൈനൽ അലോട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവ്വകലാശാല ഏകജാലകം വഴിയുള്ള പി.ജി പ്രവേശനത്തിനുള്ള ഫൈനൽ അലോട്മെന്റിന്റെ ഒന്നാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ ഫീസടച്ച് അലോട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം നവംബർ 4ന് വൈകുന്നേരം 4 മണിക്കകം അലോട്മെന്റ് ലഭിച്ച കോളജിൽ ഹാജരായി പ്രവേശനം നേടണം. 4നകം ഫീസ് ഒടുക്കാത്തവരുടെയും പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാക്കും. മാനേജ്മെന്റ്/കമ്യൂണിറ്റി ക്വാട്ടാകളിലെ പ്രവേശന നടപടിക്രമങ്ങൾ നവംബർ 10നകം പൂർത്തിയാക്കണം.

### പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ എം.എ ചെണ്ട ആന്റ് മദ്ദളം (സി.എസ്.എസ് – 2015 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ നവംബർ 18ന് ആരംഭിക്കും.

### അപേക്ഷാ തീയതി

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്വേറ്റ് (2013ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി ആന്റ് മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെ നവംബർ 9 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർഫൈനോടെ 15 വരെയും അപേക്ഷ സ്വീകരിക്കും. അപേക്ഷാ ഫോമിന് 20 രൂപയും, ഓരോ പേപ്പറിനും 20 രൂപ വീതം (പരമാവധി 100 രൂപ) സി.വി ക്യാമ്പ് ഫീസും പ്രസ്തുത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം. മേഴ്സി ചാൻസ് പരീക്ഷയ്ക്ക് ആദ്യതവണ അപേക്ഷിക്കുന്നവർ 5000 രൂപയും രണ്ടാം തവണ അപേക്ഷിക്കുന്നവർ 7000 രൂപയും സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാ ഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. വിശദമായ ടൈംടേബിൾ പിന്നീട്.

ഒന്നാം സെമസ്റ്റർ ബി.വോക് (സി.ബി.സി.എസ്.എസ്) അണ്ടർ ഗ്രാജ്വേറ്റ് ഡിഗ്രിയുടെ കമ്യൂണിക്കേഷൻ സ്കിൽസ് ഇൻ ഇംഗ്ലീഷ് – കോമൺ പേപ്പറിന്റെ പരീക്ഷ മറ്റ് സി.ബി.സി.എസ്.എസ് പ്രോഗ്രാമുകളോടൊപ്പം നടത്തും. അപേക്ഷകൾ പിഴകൂടാതെ നവംബർ 8 വരെയും 50 രൂപ പിഴയോടെ 9 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും സ്വീകരിക്കും. അപേക്ഷകർ സി.വി ക്യാമ്പ് ഫീസായി 100 രൂപ നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം. കോർ ആന്റ് കോംപ്ലിമെന്ററി പേപ്പർ പരീക്ഷകൾ പിന്നീട് നടത്തും.

### പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും

അഫിലിയേറ്റഡ് കോളജുകളിലെയും യൂണിവേഴ്സിറ്റി കോളജ് ഓഫ് അപ്ലൈഡ് സയൻസസിലെയും ആറാം സെമസ്റ്റർ എം.സി.എ (2013 അഡ്മിഷൻ ഗുലർ/2011, 2012 അഡ്മിഷൻ സപ്ലിമെന്ററി/2014 അഡ്മിഷൻ ലാറ്ററൽ എൻട്രി/2013 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെ നവംബർ 7 വരെയും 50 രൂപ പിഴയോടെ 8 വരെയും 500 രൂപ സൂപ്പർഫൈനോടെ 11 വരെയും അപേക്ഷകൾ സ്വീകരിക്കും. ആദ്യതവണ അപേക്ഷിക്കുന്നവർ പ്രൊവിഷണൽ സർട്ടിഫിക്കറ്റിനായി 100 രൂപ അടയ്ക്കണം.

### പ്രാക്ടിക്കൽ പരീക്ഷ

അഞ്ചാം സെമസ്റ്റർ ബി.എസ്.സി ഇൻഫർമേഷൻ ടെക്നോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 9, 10, 11 തീയതികളിൽ ഇടക്കൊച്ചി സിയന്ന കോളജ് ഓഫ് പ്രൊഫഷണൽ സ്റ്റഡീസിലും, നവംബർ 10, 11 തീയതികളിൽ കോന്നി വി.എൻ.എസ് ആർട്സ് ആന്റ് സയൻസ് കോളജിലും നടത്തും. വിദ്യാർത്ഥികൾ അസ്സൽ ഹാൾ ടിക്കറ്റുകളുമായി ഹാജരാകണം. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പരീക്ഷാ ഫലം

2015 സെപ്തംബർ മാസം നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.ഡബ്ല്യു (നോൺ സി.എസ്.എസ് – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 17 വരെ സ്വീകരിക്കും.

2016 ജൂൺ മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി പ്ലാന്റ് ബയോടെക്നോളജി (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 17 വരെ സ്വീകരിക്കും.

## പഞ്ചവൽസര എം.എസ്

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റൻസീവ് റിസർച്ച് ഇൻ ബേസിക് സയൻസിൽ ഫെലോഷിപ്പോടുകൂടി പഞ്ചവൽസര ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് സയൻസ് പ്രോഗ്രാമിന് അപേക്ഷിക്കാം. പ്ലസ്ടുവിന് (സയൻസ്) 55 ശതമാനത്തിൽ കുറയാതെ മാർക്ക് ഉള്ള സയൻസിലും തുടർന്ന് ഗവേഷണത്തിലും പ്രത്യേക താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. എഴുത്ത് പരീക്ഷയുടെ ഇന്റർവ്യൂവിന്റെ അടിസ്ഥാതനത്തിലാണ് പ്രവേശനം. അപേക്ഷകൾ നവംബർ 11 വരെ സ്വീകരിക്കും. വെബ് സൈറ്റ് www.iirbsmgu.com

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)